
# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

## ഓരോ കുട്ടിയും മികവിലേക്ക്





## ജി. എൽ. പി. എസ് നങ്കി

# ഗവ. എൽ.പി.സ്കൂൾ, നക്കി.

ഇടുക്കി ജില്ലയിലെ, തൊടുപുഴ വിദ്യാഭ്യാസ ജില്ലയിലെ അടിമാലി ഉപജില്ലയിൽ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ കഞ്ഞിക്കുഴി പട്ടണത്തിന്റെ ഹൃദയഭാഗത്തായാണ് നക്കി. ഗവ. എൽ. പി. സ്കൂൾ, നിലകൊള്ളുന്നത്.

1970 കാലഘട്ടത്തിൽ ഇടുക്കി ജലവൈദ്യുത പദ്ധതിക്കായി കുളമാവ്, വൈരമണി എന്നീ മേഖലകളിൽ കുടിയിറക്ക് നടക്കുകയും ഇവിടെനിന്ന് മാറിത്താമസിക്കേണ്ടി വന്ന ആളുകളെ, കീരിത്തോട്, കഞ്ഞിക്കുഴി മേഖലകളിൽ കുടിയിരുത്തുകയുമുണ്ടായി. ഇതോടൊപ്പം വൈരമണിയിൽ പ്രവർത്തിച്ചുവന്നിരുന്ന ഗവ. എൽ. പി. സ്കൂളിനെയും കഞ്ഞി-കുഴിയിലേക്ക് മാറ്റിസ്ഥാപിക്കുകയുണ്ടായി. അന്നത്തെ ആദിവാസി പ്രമുഖനായിരുന്ന ശ്രീ നക്കി മൂപ്പന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഒരേക്കർ 25 സെന്റ് സ്ഥലം അദ്ദേഹം സ്കൂൾ സ്ഥാപിക്കുന്നതിനായി 1975-ൽ സൗജന്യമായി വിട്ടുനൽകുകയും അദ്ദേഹത്തോടുള്ള ആദരസൂചകമായി സ്കൂളിന് അദ്ദേഹത്തിന്റെ പേര് തന്നെ നൽകുകയും ചെയ്തു. അങ്ങനെ 1975 ജൂൺ 6-ാം തീയതി സ്കൂൾ ഔദ്യോഗികമായി പ്രവർത്തനമാരംഭിച്ചു.

ആദ്യകാല അധ്യാപകരായിരുന്ന നാരായണൻ സാർ, ശ്രീധരൻ സാർ, ജോർജ്ജ് സർ, ലീലാമ്മ ടീച്ചർ, സാജൻ സാർ എന്നിവർ ഈ വിദ്യാലയത്തിന്റെ വളർച്ചയിൽ പ്രധാന പങ്ക് വഹിച്ചവരാണ്. കഴിഞ്ഞ 22 വർഷങ്ങളായി ഈ സ്കൂളിൽ സേവനമനുഷ്ഠിച്ചുവന്നിരുന്ന ബിന്ദു ടീച്ചർ ഇപ്പോഴത്തെ പ്രധാനാധ്യാപികയും ഷമീന ടീച്ചർ സീനിയർ അധ്യാപികയുമായും സേവനമനുഷ്ഠിക്കുന്നു-

വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ലഭ്യമായ 25 ലക്ഷം രൂപ വിനിയോഗിച്ച് സ്കൂൾ അറ്റകുറ്റപ്പണികൾ നടത്തിയ സ്കൂളിൽ ശിശുസൗഹൃദ പഠനാന്തരീക്ഷമാണ് ഒരുക്കിയിട്ടുള്ളത്. 2022-23 വർഷത്തിൽ സ്റ്റാർസ് പദ്ധതിയിൽ പെടുത്തി പൂർത്തിയാക്കിയ വർണ്ണകൂടാരം പ്രീ-സ്കൂൾ പ്രോജക്ടിന്റെ ഉല്ലാസ പാർക്കും, വിശാലമായ കളിസ്ഥലവും സ്കൂളിനുണ്ട്.

സ്കൂളിന്റെ എല്ലാ ആവശ്യങ്ങൾക്കും നിലവിലെ പി.ടി.എ കമ്മറ്റി സജീവമായി പിന്തുണ നൽകി വരുന്നു. ശ്രീ. പി.ബി. അനിൽകുമാർ പാലക്കാമണ്ണിൽ, ശ്രീമതി ടെസ്‌ന തോമസ് എന്നിവർ നേതൃത്വം നൽകുന്ന 15 അംഗ എസ്. എം. സി. യും പ്രവർത്തിച്ചു വരുന്നു.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ഗവ. എൽ. പി. സ്കൂൾ, നങ്കി. |
| മേൽവിലാസം | : കഞ്ഞിക്കുഴി. പി.ഒ. ഇടുക്കി - 685606. |
| ഫോൺ | : 9074274070. |
| സ്കൂൾ കോഡ് | : 29438 |
| വിദ്യാഭ്യാസ ജില്ല | : തൊടുപുഴ. |
| ഉപജില്ല | : അടിമാലി. |
| റവന്യൂ ജില്ല | : ഇടുക്കി. |
| ബി. ആർ. സി | : അടിമാലി. |
| സി. ആർ. സി | : പഴയരിക്കണ്ടം. |
| ഗ്രാമപഞ്ചായത്ത് | : കഞ്ഞിക്കുഴി. |
| ബ്ലോക്ക് പഞ്ചായത്ത് | : ഇടുക്കി. |
| ജില്ലാ പഞ്ചായത്ത് | : ഇടുക്കി. |

നിയമസഭാമണ്ഡലം : ഇടുക്കി.

ലോക്സഭാ മണ്ഡലം : ഇടുക്കി

താലൂക്ക് : ഇടുക്കി.

വില്ലേജ് : കഞ്ഞിക്കുഴി.

ഇ-മെയിൽ വിലാസം : nankigovtlpschool@gmail.com

facebook : nanki govt. L.P. School.

സ്കൂൾ വിക്കി : govt.lpschoolnanki

ആകെ കുട്ടികളുടെ എണ്ണം : 86.

അധ്യാപകരുടെ എണ്ണം : 4

അനധ്യാപകരുടെ എണ്ണം : 1.

## അക്കാദമിക മികവിനായി ഒരുക്കുന്ന പദ്ധതികൾ

* മലയാളത്തിളക്കം
* ഗണിത വിജയം
* ഫീൽഡ് ട്രിപ്പുകൾ
* പഠനയാത്രകൾ
* ദിനാചരണങ്ങൾ
* കലാ-കായിക മേളകൾ
* ലൈബ്രറി ആധുനികവൽക്കരണം
* പ്രദർശനങ്ങൾ
* സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം.
* പോഷകാഹാര പദ്ധതി.
* സുംബ ഡാൻസ്
* ഗൃഹസന്ദർശനം.
* ജൈവവൈവിധ്യ ഉദ്യാന വിപുലീകരണം.
* നിരന്തര വിലയിരുത്തൽ
* ലഹരിവിരുദ്ധ ബോധവൽക്കരണം
* സ്കൂൾ അസംബ്ലി മെച്ചപ്പെടുത്തൽ.
* മാലിന്യസംസ്കരണം സംബന്ധിച്ച ബോധവൽക്കരണം
* വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനങ്ങൾ
* വ്യക്തിശുചിത്വം - പരിസരശുചിത്വം സംബന്ധിച്ച ബോധവൽക്കരണം
* ആരോഗ്യ കായിക വിദ്യാഭ്യാസത്തിനുതക പ്രവർത്തനങ്ങൾ.

## പ്രശ്നങ്ങൾ, പരിമിതികൾ

- ഹർത്താലുകൾ, മഴക്കെടുതികൾ എന്നിവ മൂലം സാധ്യായ ദിവസങ്ങൾ നഷ്ടപ്പെടുന്നതുകൊണ്ട് പാഠഭാഗങ്ങൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ വരുന്നു.
- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- കുട്ടികൾക്ക് സ്വന്തമായി പ്രവർത്തനങ്ങൾ ചെയ്തെടുത്ത് നടപ്പിലാക്കാൻ കഴിയുന്ന വിധത്തിൽ സയൻസ് ലാബ്, ഗണിതലാബ് പ്രവർത്തനങ്ങൾക്ക് സൗകര്യങ്ങളും മെച്ചപ്പെടുത്തേണ്ടതുണ്ട്.
- മികച്ച ലൈബ്രറി സൗകര്യങ്ങളൊരുക്കി കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നതിന് ഓരോ കുട്ടിയേയും പ്രാപ്തരാക്കേണ്ടതുണ്ട്.
- സ്മാർട്ട് ക്ലാസ് റൂം സൗകര്യങ്ങൾ ക്ലാസ്റൂമുകളിൽ സ്ഥിരസംവിധാനമായി ഒരുക്കാൻ കഴിയാത്തത് ICT സാധ്യതകൾ വേണ്ടവിധം ഉപയോഗപ്പെടുത്താൻ പ്രതിബന്ധമായി നിലനിൽക്കുന്നു. സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ക്ലാസ് റൂമുകളിൽ ലഭ്യമല്ലാത്തതും ICT അധിഷ്ഠിത പഠനത്തിന് വിഘാതമാകുന്നു.
- നിലവിലുള്ള ഒരു സ്കൂൾ കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഒരു ക്ലാസ് റൂം പ്രവർത്തിക്കാൻ സ്ഥലം ലഭ്യമല്ല. ടി ക്ലാസ്സ് റൂം പ്രീ-പ്രൈമറിയുടെ ഒരു ക്ലാസ് റൂം ഉപയോഗപ്പെടുത്തി പ്രവർത്തിച്ചു വരുന്ന സാഹചര്യം അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.
- പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം മെച്ചപ്പെടുത്തുന്നതിനും അക്കാദമിക് വിദഗ്ദരുടെ സേവനം അധ്യാപകർക്കും കുട്ടികൾക്കും ലഭ്യമാക്കണം

## അക്കാദമിക ഭൗതിക നേട്ടങ്ങൾ

* അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.
* കലാപഠനം, പ്രവൃത്തിപരിചയ പഠനം, കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.
* പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പിലാക്കുന്നു.
* തുടർച്ചയായി 9 വർഷങ്ങളിലും L.S.S. പരീക്ഷ വിജയം. 2 തവണ സബ്ജില്ല ടോപ് സ്കോറുകൾ കൈവരിക്കാനും കഴിഞ്ഞു.
* യൂണിറ്റ് ടെസ്റ്റുകൾ, കുട്ടികളുടെ പ്രകടനങ്ങൾ വിലയിരുത്തുന്നതിനും പഠനപിന്തുണ ഉറപ്പാക്കുന്നതിനും സംഘടിപ്പിച്ചു വരുന്ന ക്ലാസ്സ് പി.ടി.എ.കൾ.
* 1, 2, ക്ലാസ്സുകളിലെ സംയുക്ത ഡയറി പ്രവർത്തനങ്ങളും 3, 4 ക്ലാസ്സുകളിലെ സർഗ്ഗാത്മ ഡയറി പ്രവർത്തനങ്ങളും ഭാഷാപ്രകടനശേഷി വർധിപ്പിക്കുന്നു.
* English Assembly, Day ആഴ്ചയിലൊരിക്കൽ സംഘടിപ്പിച്ചു വരുന്നതും വ്യത്യസ്ത പ്രകടനങ്ങൾക്ക് അവസരമൊരുക്കുന്നതും പഠനമികവു പ്രദർശന വേദികളാകുന്നു.
* English & Malayalam Reading card കൾ ആഴ്ചയിലൊരിക്കൽ തയ്യാറാക്കാനവസരം നൽകുകയും വായനയുമായി ബന്ധപ്പെട്ട ക്ലാസ്സ്തല പ്രവർത്തനങ്ങൾക്ക് അവസരമൊരുക്കുകയും ചെയ്യുന്നു.
* 'അമ്മ വായന' പദ്ധതിയിലൂടെ രക്ഷിതാക്കളെയും മികച്ച വായനക്കാരാക്കുന്നു.

## ആമുഖം

2025-26 അക്കാദമിക വർഷം സമഗ്രഗുണമേന്മാ വർഷമാണ്. പാഠ്യപദ്ധതി ചട്ടക്കൂട് 2023 പ്രകാരം പരിഷ്ക്കരിച്ച പാഠപുസ്തകങ്ങളും, മൂല്യനിർണയ പ്രക്രിയയിൽ വരുത്തിയ മാറ്റങ്ങളും ഉൾക്കൊണ്ട് പൊതുവിദ്യാഭ്യാസത്തെ സമഗ്രമായി കണ്ടുകൊണ്ട് വിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തന പദ്ധതികളാണ് ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഒരു വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും പഠന പുരോഗതിയും സമഗ്രവികാസവും ഉറപ്പാക്കുന്നതിന് അക്കാദമിക ആസൂത്രണം വിവിധ തലങ്ങളിൽ നടക്കേണ്ടതുണ്ട്. അതിനായി ക്ലാസ് തല മാസ്റ്റർപ്ലാനിനും അതിയായ പ്രാധാന്യമുണ്ട്. ഓരോ ക്ലാസിലെയും കുട്ടികളുടെ പൊതുവായ പഠന ആവശ്യകതകളും ഓരോ വിഷയങ്ങളുടേയും പഠനലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ആസൂത്രണവും നടത്തി ക്ലാസ് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നു. ഓരോ കുട്ടിയുടെയും സവിശേഷമായ പഠനശേഷികൾ, താല്പര്യങ്ങൾ, വെല്ലുവിളികൾ എന്നിവ തിരിച്ചറിഞ്ഞ് അവർക്കാവശ്യമായ പ്രോത്സാഹനവും പഠനപിന്തുണയും അവസരവും ഒരുക്കുന്നതിനുള്ള സൂക്ഷ്മതല ആസൂത്രണവും നടത്തി ഓരോ കുട്ടിയേയും അവരുടെ പരമാവധി കഴിവുകളിലേയ്ക്ക് എത്തിയ്ക്കാനും മാസ്റ്റർ പ്ലാൻ ആവശ്യമാണ്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ്. അക്കാദമിക മികവിന്റെ കാര്യത്തിൽ ഇനിയും നാം കുറേക്കൂടി മുന്നേറാനുണ്ട്. അതിന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള സമഗ്രഗുണമേന്മാ വർഷത്തിൽ ഓരോ കുട്ടിയും അതത് ക്ലാസുകളിൽ നേടണമെന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനലക്ഷ്യങ്ങൾ ആർജ്ജിച്ച് മുന്നേറാനുള്ള പ്രവർത്തനങ്ങളാണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

കുട്ടികളുടെ സമഗ്ര വികാസത്തിൽ - ശാരീരിക, ബൗദ്ധിക, മാനസിക, വൈകാരിക, സാമൂഹിക ഘടക വികാസമേഖലകളുടെ ശാസ്ത്രീയവും പ്രായത്തിനനുഗുണമായ വളർച്ച ലക്ഷ്യം വയ്ക്കുന്നതിനാൽ, ഇതിനനുസൃതമായി ആസൂത്രണം ചെയ്ത പ്രവർത്തന പാക്കേജുകളും ഉൾപ്പെടുത്തിയിരിക്കുന്നു. വിവേകവും വിവേചന ബുദ്ധിയും സഹജീവി സ്നേഹവും വിമർശനാത്മക ബുദ്ധിയും എല്ലാ കുട്ടികളിലും അങ്കുരിക്കുന്നതിനും വികസിക്കുന്നതിനും ആ നിലയിലേക്ക് കുട്ടികളുടെ ചിന്താശേഷിയെ വളർത്താനും വികസിപ്പിക്കാനും മാനവികതയുടേയും സ്നേഹത്തിന്റെയും മതനിരപേക്ഷതയുടേയും ജനാധിപത്യബോധത്തിന്റേയും അനുഭവങ്ങൾ കുട്ടിക്ക് ലഭിക്കുന്ന ഇടങ്ങളായി ക്ലാസ്സ്മുറികളെ മാറ്റുന്നതിനുതകുന്ന പ്രവർത്തനങ്ങളും AMP യിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിയ്ക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

PRESIDENT
Parents Teachers Association
Govt. L. P. S., Nanki
Idukki-Kanjikuzhy

BINDU. E. K.
PEN : 530695
Headmistress
Govt. L.P. School, Nanki
Kanjikuzhy P.O.-685 606

GOVT. L.P. SCHOOL, NANKI
IDUKKI (DT.)
Date............
KANJIKUZHY P.O.

## ലക്ഷ്യങ്ങൾ / നേട്ടങ്ങൾ

* അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക.
* ഓരോ ക്ലാസ്സിലും കുട്ടി പാഠ്യപദ്ധതി ലക്ഷ്യമിട്ട നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക
* സാമൂഹിക മൂല്യങ്ങൾ, വികസിക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കുക
* പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ എന്നിവർക്ക് പ്രയോജനപ്പെടുത്താവുന്ന ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ വിനിയോഗിക്കുക
* സമഗ്രപഠന പുരോഗതി രേഖ തയ്യാറാക്കി ഓരോ കുട്ടിയും മികവിന്റെ ഉടമകളാകുന്നുവെന്ന് രക്ഷിതാക്കളേയും പൊതുസമൂഹത്തേയും ബോധ്യപ്പെടുത്തുക
* തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണയപ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഘടകമാക്കി മാറ്റുക.
* കുട്ടികളുടെ വായന, ആലാപനം, എഴുത്ത്, സർഗ്ഗരചന എന്നിങ്ങനെയുള്ള വ്യത്യസ്തങ്ങളായ കഴിവുകൾകൂടി വിലയിരുത്തുക
* കുട്ടി പ്രതീക്ഷിച്ചതുപോലുള്ള പ്രകടനം കാഴ്ചവെക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ കണ്ടെത്തി സ്കൂൾ സമൂഹത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്ന സൂചകങ്ങളായി മൂല്യനിർണയത്തെയും വിലയിരുത്തലിനേയും സമീപിക്കുക
* മെന്ററിംഗിന് സഹായകമായ നിലയിൽ വിലയിരുത്തൽ പ്രക്രിയയെ വളർത്തിയെടുക്കുക
* സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് മികച്ച പഠനാനുഭവങ്ങൾ ഉറപ്പുവരുത്തുക
* മികച്ച പഠനാനുഭവങ്ങൾ നവസാങ്കേതിക വിദ്യകൂടി പ്രയോജനപ്പെടുത്തി ഒരുക്കുന്നതിന് അധ്യാപകരെ സജ്ജരാക്കുക
* ഓരോ ക്ലാസ്സിലും പഠിക്കുന്ന കുട്ടികളുടെ അറിവും കഴിവും ധാരണകളും സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക

* എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങളൊരുക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അതിനെ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക
* കുട്ടികളുടെ പഠനനില അതതവസരങ്ങളിൽ മനസ്സിലാക്കി ആവശ്യമായ പഠനപിന്തുണ യഥാസമയം നൽകുക
* മാതൃഭാഷയിലും ഇംഗ്ലീഷിലും ഉയർന്ന ശേഷി കൈവരിക്കുന്നതിനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക
* തുല്യത, ലിംഗസമത്വം, എന്നിവയെക്കുറിച്ചുള്ള കാഴ്ചപ്പാട് കുട്ടികൾക്കുണ്ടാകുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കുക
* ജനാധിപത്യം, മതനിരപേക്ഷത തുടങ്ങിയ മൂല്യങ്ങൾ വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പാക്കുക.
* ദിനാചരണങ്ങൾ അർത്ഥപൂർണ്ണമായി ആഘോഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
* പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും പ്രവർത്തനാധിഷ്ഠിതവും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും സ്കൂളിനെ ഫലപ്രദമായ പഠന ഇടമാക്കി വികസിപ്പിക്കുകയും ചെയ്യുക.
* പാരിസ്ഥിതികാവബോധം, സാമൂഹികാവബോധം, മാലിന്യനിർമ്മാർജ്ജനാവബോധം, ശാസ്ത്രാവബോധം, വിമർശനാവബോധം എന്നിവ വികസിക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കുക.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
7. ക്ലാസ്സ് തല വായന മൂല ,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക .
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക .

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

# പ്രവർത്തന പദ്ധതികൾ

## മലയാളം

പ്രവർത്തനം : 1

പേര് : **പുസ്തകം എന്റെ ചങ്ങാതി**

ഉപമേഖല വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | [illegible] ഉപകർ- SRG ൽ തീരുമാനിക്കുന്ന മുറക്ക് | 1000 |

പ്രവർത്തനം : 2

പേര് : **എന്റെ പിറന്നാൾ പുസ്തകം**

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3

പേര് : **ഉച്ചഭാഷിണി വായന**

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4
പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക<br><br>റീഡേഴ്സ് തിയേറ്റർ | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു.<br>ക്ലാസ്സ്റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി<br><br>ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : 5
പേര് : സ്കൂൾ ലൈബ്രറി
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ.<br>സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ.<br><br>പ്രാദേശിക ക്ലബ്ബ്കൾ | 5000 |

പ്രവർത്തനം : 6
പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 7
പേര് : ക്ലാസ്സ് തല പതിപ്പുകൾ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 1500 |

പ്രവർത്തനം : 8
പേര് : എന്റെ വായനാ കുറിപ്പുകൾ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 9
പേര് : കയ്യെഴുത്തു മാസികകൾ ,പ്രിന്റഡ് മാഗസിൻ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും<br>പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്നു | വിദ്യാരംഗം ഭാഷാക്ലബ്ബ്<br>പരസ്യം വഴി ഫണ്ടിംഗ് | 15000 |

**പ്രവർത്തനം : 10**
**പേര് : രചനോത്സവം**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | 2000 |

**പ്രവർത്തനം : 11**
**പേര് : സർഗ്ഗവേള**
**ഉപമേഖല : പ്രകടന വേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

**പ്രവർത്തനം : 12**
**പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക**
**ഉപമേഖല : ആശയഗ്രഹണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | ഭാഷാ, ക്ലാസ്സിലെ മലയാള ഭാഷ കൈകാര്യം ചെയ്യുന്ന അധ്യാപകർ | 3000 |

പ്രവർത്തനം : 13
പേര് : *പാട്ടരങ്ങ്*
ഉപമേഖല : *ഭാഷാ സമൃദ്ധി*

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം, ശബ്ദപ്രയോഗം, സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം ഘടിപ്പിക്കുന്നു. രാഗ-താളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ് ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : 14
പേര് : **നാട്ടുവിശേഷം കൂട്ടെഴുത്ത്**
ഉപമേഖല : **ലേഖനാവിഭാവനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്തിനൈപുണ്യം, സമഗ്ര ചിന്താശേഷി, ദേശിയവിവേകബോധം എന്നിവ വികസിപ്പിക്കുക. | കുട്ടികളുടെ നാട്ടുപരിചയത്തെ ആസ്പദമാക്കി കൂട്ടായി ഒരു ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവെക്കാനും ആലോചനകൾ എഴുതാനും അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബ്കൾ | 5000 |

പ്രവർത്തനം : 15
പേര് : **റീഡേഴ്സ് തിയേറ്റർ**
ഉപമേഖല : **വായനാവളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാതാൽപര്യവും അഭിനയം വഴി വ്യക്തിത്വവികസനവുമാണ് പ്രധാന ലക്ഷ്യം. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാനായകർ, സംഭാഷണശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം : 16**
**പേര് : ഭാഷോത്സവം**
**ഉപമേഖല : ഭാഷാ കാഴ്ചവത്ക്കരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക, ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക. | ഭാഷാ പ്രസംഗം, കഥപറയൽ, കവിതാപാരായണം, കോലജുകൾ, ഭാഷാ പോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം . | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ<br>ഭാഷാ ക്ലബ്<br>ക്ലാസ്സ്ടീച്ചർ | 4000 |

**പ്രവർത്തനം : 17**
**പേര് : അരങ്ങത്തേക്ക്**
**ഉപമേഖല : അവതരണശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയമറിയിക്കാൻ സഹായിക്കുക. | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ, സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ.<br>പ്രാദേശിക ക്ലബ്ബ്കൾ | 5000 |

# ഇംഗ്ലീഷ്

**പ്രവർത്തനം :** 1
**പേര്** : ഇംഗ്ലീഷ് അസംബ്ലി
**ഉപമേഖല** : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം :** 2
**പേര്** : ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )
**ഉപമേഖല** : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 3
**പേര്** : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )
**ഉപമേഖല** : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 4

**പേര്** : **Reading Card Work Shop**

**ഉപമേഖല** : **വായനാ സാമഗ്രി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംങ്ങ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

**പ്രവർത്തനം :** 5

**പേര്** : **Work Sheet Work Shop**

**ഉപമേഖല** : **അധ്യാപക ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ്. ആർ.ജി. | 4000 |

# ഗണിതം

**പ്രവർത്തനം : 1**
**പേര് : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല**
**ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | 4000 |

**പ്രവർത്തനം : 2**
**പേര് : ഗണിതലാബ് (ഗണിതമധുരം)**
**ഉപമേഖല : ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2023-24 | സ്കൂൾ മാനേജ്മെന്റ് | 15000 |

**പ്രവർത്തനം : 3**
**പേര് : ഗണിതമൂല**
**ഉപമേഖല : ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം : 4**

**പേര് : യൂണിറ്റ് വിലയിരുത്തൽ**

**ഉപമേഖല : യൂണിറ്റ് ടെസ്റ്റ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി, പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 5**

**പേര് : ഗണിതക്ലാസ് പി.ടി.എ.**

**ഉപമേഖല : സി.പി.ടി. എ ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 6**

**പേര് : ഗണിതം മധുരം**

**ഉപമേഖല : ഗണിത കേളി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

# പരിസര പഠനം

**പ്രവർത്തനം : 1**
**പേര്** : ശാസ്ത്ര പഠനോപകരണ ശില്പ ശാല
**ഉപമേഖല** : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 |

**പ്രവർത്തനം : 2**
**പേര്** : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്
**ഉപമേഖല** : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 3**
**പേര്** : പരീക്ഷണകിറ്റ്
**ഉപമേഖല** : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണകിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 4
പേര് : **പരീക്ഷണോത്സവം**
ഉപമേഖല : **ശാസ്ത്രാന്വേഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രവിഷയ ങ്ങളിലേക്കുള്ള താത്പര്യവും മനഃശാസ്ത്രപര മായ ഉത്സാഹവും വളർത്തുക. | ക്ലാസ്സ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ ശാസ്ത്ര ക്ലബ് | 2000 |

## രാസലഹരി, മൊബൈൽ അഡിക്ഷൻ

പ്രവർത്തനം : 1
പേര് : **ലഹരി :- രാസ ലഹരി, മൊബൈൽ അഡിക്ഷൻ**
ഉപമേഖല : **ശാരീരിക, മാനസിക ആരോഗ്യ ബോധവൽക്കരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ മോശം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധശേഷി യും വളർത്തുക. | ബോധവൽക്കരണ ക്ലാസുകൾ, വീഡിയോകളിലൂടെ പ്രഭാഷണം ഉപദേശകസംവാദങ്ങൾ, പോസ്റ്റർ നിർമ്മാണം, കടപ്പാട് പ്രകടനങ്ങൾ എന്നിവയുടെ വഴി വഴി കുട്ടികളിൽ ബോധം വളർത്തുന്നു. | അധ്യായന തുടക്കത്തിൽ | ആരോഗ്യ വകുപ്പ്, പോലീസ് SITC | |
| | | | | |

# സാമൂഹികാവബോധം

**പ്രവർത്തനം : 1**
**പേര് : അതിഥിയെ അറിയൽ**
**ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ , ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം : 2**
**പേര് : പ്രാദേശിക അറിവ്**
**ഉപമേഖല : നാട്ടറിവ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

**പ്രവർത്തനം : 3**
**പേര് : ഫീൽഡ് ട്രിപ്പ്**
**ഉപമേഖല : പൊതു സ്ഥാപനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |